ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ ബോർഡ് എത്രകൊല്ലം പ്രവർത്തനത്തിലിരുന്നുയെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആറുകൊല്ലത്തോളം കാലം പ്രവർത്തനത്തിലിരുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മറ്റു രീതിയിൽ അതായതു് ബോർഡിനെ കൂടാതെ വ്യവസായാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തനം നടത്താൻ സാധിക്കുമെന്നു പറഞ്ഞതു് എന്തു കാരണത്താലാണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾതന്നെ ബോർഡു് ചെയ്തുകൊണ്ടിരുന്ന പ്രവർത്തനം നടത്തുന്നതു് വില്ലേജ്യൂണിയൻ ആണു്. അതുകൂടാതെ വില്ലേജ് പഞ്ചായത്തു് നടപ്പിൽവരാൻ പോകുന്നു. അതുകൊണ്ടു് ഡെവലപ്പുമെന്റു ബോർഡിന്റെ ആവശ്യം വേണ്ടന്നുവച്ചു.

Sri. P. Balakrishnan Tampi: Is the Planning Committee Meeting? Are its members alive?

Sri. N. Kunjuraman: Yes, they have met.

ആകെയുള്ള സഹകരണസംഘങ്ങൾ

*൪൫൬. (൯൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) കൊച്ചിയിൽ ൪൫൭. തിരുവിതാംകൂറിൽ ൨൦൦൯.

(ബി, സി) താഴെ പറയുന്നവരുടെ പേരിൽ നടപടി നടത്തിയിട്ടുണ്ടു്.

൧. തൃശ്ശൂർ താലൂക്കിൽ ൪൭ ൪–ാംനമ്പ്രു് ആസ്പാദ് സഹകരണസംഘം സെക്രട്ടറി.

൨. നെയ്യാറിൻകര താലൂക്കിൽ ൨൯ ൫൭–ാംനമ്പ്രു് അവണാകുഴി സഹകരണസംഘം സെക്രട്ടറി.

൩. ൨൫൫൨–ാംനമ്പ്രു് പറവൂർ വിനിയോജക സഹകരണസംഘം പ്രസിഡണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: മൂവാറ്റുപുഴ താലൂക്കു് സഹകരണബാങ്കിന്റെ സെക്രട്ടറി ഉദ്ദേശം ൩,൦൦൦ രൂപ വിലവരുന്ന ഒരു പ്രസ്സിനെ ൫൦,൦൦൦ രൂപാക്കു് തീറുകൊടുത്തുയെന്നുള്ളതിനെപ്പറ്റി ഗവൺമെണ്ടിലേക്കു് പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പരാതി കിട്ടിയിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: മിക്ക സഹകരണസംഘം സെക്രട്ടറിമാരും പ്രസിഡൻറന്മാരും അഴിമതികളും ക്രമക്കേടുകളും ചെയ്യുന്നവരാണെന്നു് കാണിച്ചു് ഗവൺമെണ്ടിനു് പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ എൻ. കുഞ്ഞുരാമൻ: പരാതികളും കിട്ടിയിട്ടുണ്ടു്. അതിനെ നിയമപരമായ നടപടികളും എടുത്തുവരുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ അതായതു് കുറ്റമറ്റരീതിയിൽ നടക്കുന്നില്ലായെന്നുള്ളതു് ഗവൺമെണ്ടു് മനസ്സിലാക്കിയതിന്റെ ഫലമായിട്ടു് പരിഹാരമാർഗ്ഗം എന്തെങ്കിലും കമ്മിറ്റിയെ നിയമിക്കണമെന്നു് ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്മിറ്റിയെ നിയമിക്കണമെന്ന് തോന്നുന്ന പക്ഷം ഗവൺമെണ്ടു് ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. ജോർജ്ജു്: തിരുവിതാംകൂറിൽ ഏതെല്ലാ സംഘങ്ങൾ ലിക്വിഡേഷനിൽ ഇരിക്കുന്നു എന്നും കൊച്ചിയിൽ ഏതെല്ലാ സംഘങ്ങൾ ലിക്വിഡേഷനിൽ ഇരിക്കുന്നു എന്നും പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ബാങ്കിനെ സംബന്ധിച്ചുള്ള അന്വേഷണം തുടങ്ങിട്ടു് എത്ര നാൾ ആയി?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഏതാണ്ടു് മാസങ്ങളായി. ജനറൽ ബാഡ്വി മീറ്റിംഗിൽ ഇതു് അപ്രൂവ് ചെയ്തിട്ടുണ്ടു്. എക്സ്പെർട്ട് അന്വേഷിച്ചുവരികയാണു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: അന്വേഷിച്ചു തുടങ്ങിയിട്ടു് ഒരുകൊല്ലത്തിനുമേൽ ആയെന്നു അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആയിരിക്കും.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: രജിസ്ട്രാർ നേരിട്ടു് അന്വേഷിക്കണമെന്നു് ഓർഡർ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ. എന്നാൽ ബാങ്കു് പരിശോധിക്കുന്നതിനും വില നിശ്ചയിക്കുന്നതിനും ഒരു എക്സ്പെർട്ടിനെ നിയമിച്ചിരിക്കുകയാണു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ആ ബാങ്കിലെ കണക്കുകളെ സംബന്ധിച്ചു് അന്വേഷണം നടത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതും അന്വേഷിക്കാം.

അടുത്ത തെരഞ്ഞെടുപ്പു്

*൫൨൪ (൨൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ പുതിയ ഭരണഘടനയനുസരിച്ചുള്ള നിയമസഭാമെമ്പർമാരുടെ തെരഞ്ഞെടുപ്പു എന്നു് നടക്കുവാനാണിടയുള്ളതു്;

(ബി) വോട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞോ;

(സി) ഡിലിമിറ്റേഷൻ കമ്മിറ്റി ശുപാർശചെയ്ത നിയോജകമണ്ഡലങ്ങൾ കേന്ദ്രഗവൺമെണ്ടു് അംഗീകരിച്ചുകഴിഞ്ഞോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫസ്റ്റ് ഓഫ് ഏപ്രിൽ—മേ മാസത്തിൽ.

(ബി) തയ്യാറായി കഴിഞ്ഞു.

(സി) ഇല്ല. അവരുടെ ജോലി മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ടെന്നാണു് അറിയുന്നതു്.

ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള അഴിമതിക്കേസുകൾ

*൫൨൫. (൨൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly